**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിലെ എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളിൽ പി.എസ്.സി. നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 2016 ജനുവരി ഒന്നു മുതൽ മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലായി 96 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലയിൽ പുതിയതായി വിവിധ വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്ത് ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന മുറയ്ക്ക് വകുപ്പുകൾക്കാണ് തസ്തിക സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ജില്ലാതലത്തിലല്ല സർക്കാർ ഒഴിവുകൾ സംവരണം ചെയ്യുന്നത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ജില്ലാതലത്തിൽ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇത്തരത്തിൽ മലപ്പുറം ജില്ലയിൽ പട്ടിക വർഗ്ഗത്തിലെ ആദിവാസി വിഭാഗത്തിന് മാറ്റിവച്ചിട്ടുള്ള വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ 30 ഒഴിവുകളിൽ വിജ്ഞാപനത്തിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ